No. A3. 5301/2022 Date : 13/11/2025

# പരസ്യം

താണിക്കുടം ദേവസ്വം കീഴേടം കോക്കുളങ്ങര ക്ഷേത്രത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ കോമരമായി 11,500/- രൂപ പ്രതിമാസ അലവൻസിൽ ജോലി ചെയ്യുവാൻ താൽപര്യമുള്ള ഹിന്ദുമതത്തിൽപ്പെട്ട ദൈവവിശ്വാസികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി ദേവസ്വം നിയമങ്ങൾ അനുസരിച്ച് പ്രവൃത്തിക്കേണ്ടതും, ദേവസ്വം നിർദ്ദേശ പ്രകാരം യാതൊരു വിധ ആക്ഷേപങ്ങൾ കൂടാതെയും കൃത്യനിഷ്ടയോടു കൂടിയും ജോലി നോക്കേണ്ടതുമാണ്. യാതൊരുവിധ സ്വഭവദൂഷ്യങ്ങളും അപേക്ഷകർക്ക് ഉണ്ടാകാൻ പാടില്ല. തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി 41 ദിവസം ക്ഷേത്രത്തിൽ ഭജനം ഇരിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയെ ഭജനം പൂർത്തിയായതിനു ശേഷം മാത്രമേ ക്ഷേത്രത്തിൽ കോമരമായി അവരോധിക്കുകയുള്ളൂ.

## അപേക്ഷകന് വേണ്ട യോഗ്യതകൾ

1) ഹിന്ദുവും, ക്ഷേത്രവിശ്വാസിയും, ഈശ്വരവിശ്വാസിയും കോക്കുളങ്ങര ഭഗവതിയുടെ ഉപാസകനും, തദ്ദേശവാസിയും ആയിരിക്കണം.

2) കേരളീയ ക്ഷേത്രാചാര പ്രകാരമുള്ള ശാക്തേയ ക്ഷേത്രങ്ങളിലെ വെളിച്ചപ്പാടുമാർക്ക് വേണ്ടതായ പൂജാസാധനകളിലും, ആചാരസവിശേഷതകളിലും ദിനചര്യകളിലും കൃത്യമായ അവഗാഹമുള്ളവരായിരിക്കണം അപേക്ഷകർ.

3) ടി ക്ഷേത്രത്തെ സംബന്ധിച്ച ഐതിഹ്യങ്ങൾ, ആചാരങ്ങൾ, പൂജാദി കാര്യങ്ങൾ എന്നിവ സംബന്ധിച്ച് പരിപൂർണ്ണ അവഗാഹമുണ്ടായിരിക്കണം.

4) ഷോഡശ്ശ ആചാരങ്ങൾ പൂർണ്ണമായും അറിയുന്നവരും, നിഷ്കർഷയോടെ പാലിക്കുന്നവരുമായിരിക്കണം.

5) കോക്കുളങ്ങര ഭഗവതി ക്ഷേത്രത്തിലെ എല്ലാ ചടങ്ങുകൾക്കും, ദേശാചാരങ്ങൾക്കും, പറയെടുപ്പുണ്ടെങ്കിൽ ആയതിനടക്കം കോമരം പൂർണ്ണരൂപ വേഷത്തിൽ (പട്ട്, അരമണി, ഭഗവതിയുടെ തിരുവായുധം ധരിച്ച്) ആയിരിക്കണം പങ്കെടുക്കേണ്ടത്.

6) അതാത് സമയങ്ങളിൽ ചടങ്ങുകൾക്ക് കൃത്യതയോടെ പങ്കെടുക്കേണ്ടതും ആചാരപരമായ കല്പനകൾ വീഴ്ച കൂടാതെ നൽകേണ്ടതുമാണ്.

7) ക്ഷേത്രചടങ്ങുകളിൽ തന്ത്രിയുടെ അഭിപ്രായം അറിഞ്ഞ് ആയതനുസരിച്ച് പ്രവർത്തിക്കണം.

8) പ്രായപരിധി 35-45 ന് ഇടയിലായിരിക്കണം.

9) അപേക്ഷകൾ 18/11/2025 ന് 5.00 പി.എം ന് മുമ്പായി താണിക്കുടം ദേവസ്വം ഓഫീസിൽ ലഭിക്കേണ്ടതാണ്.

**ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ**
**ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ്**
**തൃശ്ശൂർ ഗ്രൂപ്പ്**
**കൊച്ചിൻ ദേവസ്വം ബോർഡ്**
**ശ്രീമൂലസ്ഥാനം - 1**
**തൃശ്ശൂർ - 1**